## പതിമൂന്നാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2613** **20/06/2013-ൽ മറുപടിക്ക്**

**സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് അനുവദിക്കുന്ന ഫണ്ട്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്ന നിയമസഭാ മണ്ഡലങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള ഫണ്ടുകളാണ് സർക്കാർ അനുവദിക്കുന്നത് എന്ന് വിശദമാക്കുമോ;<br><br>(ബി) ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ? | (എ) ആന്റ് (ബി)<br><br>എം.എൽ.എ.മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ/എസ്.എസ്.എ. ഫണ്ടുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധസംഘടനകൾ എന്നീ ധന സ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന തലത്തിൽ വിദ്യാഭ്യാസ മന്ത്രി ചെയർമാനും പൊതുവിദ്യാഭ്യാസ സെക്രട്ടറി ജനറൽ കൺവീനറും ആയ സംസ്ഥാനതല കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതിക്ക് പ്രത്യേക സഹായം ഒന്നും നൽകുന്നില്ല. എസ്.എസ്.എ, ആർ.എം.എസ്.എ എന്നിവ കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. |

Sreedevi

**സെക്ഷൻ ഓഫീസർ**